3692
24/2/16



കേരള സർക്കാർ

നമ്പർ. 22488/എ.ആർ.12(1)/2015/ഉ.ഭ.പ.വ.
ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.12) വകുപ്പ്,
തിരുവനന്തപുരം, തീയതി : 08.02.2016.

## സർക്കുലർ

വിഷയം:- ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 – സർക്കാരിന്റെ വിവിധ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യേണ്ടത് സേവനാവകാശ നിയമത്തിൽ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന :-
1. 27.10.2012-ലെ സ.ഉ.(പി) നമ്പർ. 55/2012/ഉ.ഭ.പ.വ.
2. 27.10.2012-ലെ സ.ഉ.(പി) നമ്പർ. 56/2012/ഉ.ഭ.പ.വ.
3. എൽ.ഡി.സി. റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ സ്റ്റേറ്റ് കമ്മിറ്റിയുടെ 28.07.2015-ലെ നിവേദനം.

കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 നവംബർ 1-ാം തീയതി മുതൽ നിലവിൽ വന്നിട്ടുണ്ട്. ടി നിയമവും ചട്ടങ്ങളും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഓഫീസുകളിലെ വിവിധ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ അതത് മാസം തന്നെ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യണമെന്ന ഉത്തരവുകൾ അതാത് വകുപ്പുകൾ അവഗണിക്കുകയാണെന്നും ആയതിനാൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ടത് സേവനാവകാശ നിയമത്തിൽ ഉൾപ്പെടുത്തുന്നതിന് സത്വര നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് എൽ.ഡി.സി റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ സ്റ്റേറ്റ് കമ്മിറ്റി സൂചന 3 പ്രകാരം നിവേദനം നൽകിയിരുന്നു. ടി നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 2012-ലെ കേരള സംസ്ഥാന സേവനാവകാശ നിയമത്തിലെ 3-ാം വകുപ്പിൻ പ്രകാരം ഓരോ സർക്കാർ വകുപ്പും, ഓരോ വകുപ്പുമേധാവിയും, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ഓരോ നിയമാധിഷ്ഠിത നികായവും, അവ ഓരോന്നും നൽകുന്നതായ സേവനങ്ങളുടെ കൂട്ടത്തിൽ അതത് ഓഫീസിലെ വിവിധ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുന്നതും കൂടി സേവനാവകാശങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി സേവനാവകാശ നിയമം, 2012 സംബന്ധിച്ച് അതാത് വകുപ്പുകൾ പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ ഓരോ വകുപ്പും/

(.........2)

സ്ഥാപനങ്ങളും ഭേദഗതി വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് സർക്കാർ ഇതിനാൽ നിർദ്ദേശം നൽകുന്നു.

**സത്യജീത് രാജൻ,**
പ്രിൻസിപ്പൽ സെക്രട്ടറി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പിലെയും എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറി/ സ്പെഷ്യൽ സെക്രട്ടറിമാർക്കും.
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും.
എല്ലാ വകുപ്പ്/പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങളുടെ മേധാവികൾക്ക്.
മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.
ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. ക്ക്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.